# വിശുദ്ധ ചുംബനങ്ങൾ

ഫാ.സഖറിയ പനയ്ക്കാമറ്റം

'പ്രാർത്ഥിപ്പിൻ ശ്ലീഹന്മാരെ കർത്താവോടായി......
നിങ്ങളതിൽ ചൊല്ലിയതാകും-വിശ്വാസത്തെ
മായിച്ചിടുവാൻ ദുസ്താർക്കികരതിനെ-ചുറ്റുന്നു
സത്യമതാം മൂശയിലാവചനം
കനകം പോൽ-ശോഭിച്ചീടട്ടെ
വൈദികർ വാഴ്ത്തും ശുദ്ധസഭയ്ക്കുദയം -ചേർത്തോനെ'
(സ്ലീബാ സന്ധ്യാനമസ്ക്കാരം-സന്ധ്യ)

ക്രിസ്തീയ സമൂഹത്തിന്റെ അനുതാപത്തിന്റെയും പ്രാർത്ഥനയുടെയും സമയമാണ് നോമ്പുകാലഘട്ടം. ഓരോ വ്യക്തിയുടെയും ആത്മീയശിക്ഷണത്തിനും വളർച്ചയ്ക്കുമായി നോമ്പു സമയങ്ങളിൽ ക്രമീകരിച്ചിരിക്കുന്നു. സഭയുടെ പാരമ്പര്യം അനുസരിച്ച് ഏറ്റവും പഴയ നോമ്പുകൾ ബുധനാഴ്ചയും വെള്ളിയാഴ്ചയും ആണ്. അപ്പോസ്തോലിക കാനോനാ ഇപ്രകാരം അനുശാസിക്കുന്നു. "ഏതെങ്കിലും ഒരു എപ്പിസ്കോപ്പായോ, കശീശായോ, ശെമ്മാശനോ പരിശുദ്ധ 40 ദിവസത്തെ നോമ്പോ ആഴ്ചവട്ടത്തിലെ ബുധനാഴ്ചയോ, വെള്ളിയാഴ്ചയോ നോമ്പായി അനുഷ്ഠിക്കാതിരുന്നാൽ, ഏതെങ്കിലും ശരീരരോഗം മൂലമല്ലെങ്കിൽ അയാളെ സ്ഥാനത്ത് നിന്ന് നീക്കണം. മ്ഹായ്മേനിയാണെങ്കിൽ മുടക്കണം" ശ്ലീഹന്മാരെപ്പോലെ ക്രിസ്തീയശുശ്രൂഷ ചെയ്യുവാൻ ശക്തിലഭിക്കുന്നതിന് ശ്ലീഹാനോമ്പും (ജൂൺ 16-29), ദൈവമാതാവിനെപ്പോലെയുള്ള നല്ല അന്ത്യത്തിനായി ശൂനോയോ നോമ്പും (ആഗസ്റ്റ് 1-15), ജനനപ്പെരുന്നാളിന്റെ ഒരുക്കത്തിനായി ഇരുപത്തിയഞ്ചുനോമ്പും (ഡിസംബർ 1-25) 9-ാം നൂറ്റാണ്ടുമുതൽ നിലവിൽ വന്നതായി ചരിത്രം പഠിപ്പിക്കുന്നു. മുൻ നൂറ്റാണ്ടുകളിൽ സഭയിലെ ആചാരാനുഷ്ഠാനങ്ങൾ അഭംഗുരം പാലിക്കപ്പെട്ടിരുന്നതും പ്രായോഗികതയിൽ നിലവിലുള്ള രീതികളും തമ്മിലുള്ള അന്തരം ശ്രദ്ധിയ്ക്കപ്പെടേണ്ടതായിട്ടുള്ളതാണ്.

ആദിമനൂറ്റാണ്ടു മുതൽ സഭ പരിശുദ്ധ ശ്ലീഹന്മാരുടെ മദ്ധ്യസ്ഥതയിൽ ആശ്രയിച്ചുകൊണ്ട് അവരുടെ ജീവിതത്തിന്റെ സവിശേഷതകൾ ധ്യാനവിഷയം ആക്കിയിരുന്നു. പ്രസ്തുത ധ്യാനവിഷയങ്ങളിലൂടെ അവരുടെ നാമങ്ങൾ ആദരിയ്ക്കപ്പെടുകയും അവരുടെ ശ്രേഷ്ഠതകൾ പിൻതുടരുവാൻ ചുരുക്കം ചിലരെങ്കിലും ഓരോ കാലഘട്ടത്തിലും ശ്രദ്ധിച്ചതിനാൽ ക്രിസ്തീയ സഭ ഈ പ്രപഞ്ചത്തിൽ ഉദയ ശോഭയോടെ നിലനിൽക്കുന്നു.

വി.പത്രോസ് ശ്ലീഹായുടെ സഹോദരനാണ് വി.അന്ത്രയോസ് ശ്ലീഹാ. ആദ്യം ക്രിസ്തുവിനാൽ വിളിയ്ക്കപ്പെട്ട ശിഷ്യൻ എന്ന് അന്ത്രയോസ് അറിയപ്പെട്ടു. തന്റെ ദൗത്യം ആദ്യം സ്വന്തം സഹോദരനെ ക്രിസ്തുവിലേക്ക് കൊണ്ടുവരിക എന്നതായിരുന്നു. ഗുരുവിനെ ക്രൂശിച്ചതുപോലെയുള്ള കുരിശിൽ മരിയ്ക്കുവാൻ വേണ്ടതായ വിശുദ്ധി തനിക്കില്ലാത്തതിനാൽ ഗുണന ചിഹ്നത്തിന്റെ ആകൃതിയിലുള്ള ഒരു കുരിശിൽ തന്നെ തറയ്ക്കണമെന്ന് താൻ അധികാരികളോട് ആവശ്യപ്പെട്ടതായും അപ്രകാരം രക്തസാക്ഷിമരണം പ്രാപിച്ചതായും ചരിത്രം സാക്ഷിക്കുന്നു. രണ്ടു ദിവസങ്ങൾ അതിവേദന കുരിശിൽ അനുഭവിക്കുമ്പോഴും കുരിശിന്റെ മഹത്വത്തെക്കുറിച്ച് സംസാരിക്കുകയാണ് ചെയ്തത്. വിശ്വാസത്തിന്റെ വിശുദ്ധ ചുംബനം കൊണ്ട് മരണത്തെ അഭിവാദ്യം ചെയ്തു. അന്ത്രയോസ് ശ്ലീഹായുടെ ധൈര്യത്തിന് മുമ്പിൽ ഞെട്ടുവാൻ പോലുമുള്ള ശക്തി ആധുനിക വിശ്വാസ വീരന്മാർക്ക് ഉണ്ടോയെന്ന് സംശയമാണ്.

ആദിമസഭയിൽ നെടുംതൂണുകളായി പരിഗണിയ്ക്കപ്പെട്ടത് പത്രോസും, യാക്കോബും, യോഹന്നാനുമായിരുന്നു. ഇളകുന്ന 'പാറ' യായിരുന്നു പത്രോസ് എങ്കിലും തന്റെ ബലഹീനത

കളെ ജയിക്കുന്നതിനുള്ള ക്രിസ്തുവാകുന്ന സത്യം പത്രോസിന്റെ ഉള്ളിലുണ്ടായിരുന്നു. റോമിലെ അധികാരികളിൽ നിന്നുള്ള ഉപദ്രവം ഭയന്നു ഓടിപ്പോകുവാൻ ആഗ്രഹിച്ചെങ്കിലും ക്രിസ്തുവിന്റെ പാദം മുത്തി മരിക്കുവാൻ അപേക്ഷിച്ച് തലകീഴായി ക്രൂശിയ്ക്കപ്പെടുകയായിരുന്നു. വി. യാക്കോബിനെ സുവിശേഷങ്ങളിൽ ഒരുവാശിക്കാരനും ദൈവരാജ്യത്തിലെ പ്രധാനസ്ഥാനം ആഗ്രഹിച്ച ഒരു വ്യക്തിയായും വിവരിക്കുന്നുവെങ്കിലും വാളുകൊണ്ടുള്ള രക്തസാക്ഷിമരണം മുന്നമേ സ്വാഗതം ചെയ്യുകയുമാണുണ്ടായത്.

ഭൗതികനേട്ടങ്ങൾക്കുവേണ്ടിയുള്ള ദാഹത്തെ മറികടന്ന് ക്രിസ്തുവിന്റെ ക്രൂശ് മരണത്തിന് സാക്ഷിയാകുവാൻ യോഹന്നാൻ ശ്ലീഹായ്ക്ക് ധൈര്യവും, ഭാഗ്യവും ഒരുപോലെ ലഭ്യമായി. ഏറ്റവും അപകടം നിറഞ്ഞ സാഹചര്യത്തിൽ മഹാപുരോഹിതന്റെ അരമനയിൽ നേരിട്ടു കയറിചെല്ലുന്നു. ക്രിസ്തുവിന്റെ അമ്മയായ മറിയാമിനെ ശുശ്രൂഷിക്കുവാനുള്ള ദൗത്യം ക്രൂശിൽ നിന്നും ഏറ്റെടുത്തു. ഉയിർത്തെഴുന്നേൽപ്പിന് ശേഷം ഒഴിഞ്ഞ കല്ലറയിൽ ആദ്യം ഓടി എത്തുവാനുള്ള ഭാഗ്യം യോഹന്നാൻ ശ്ലീഹായ്ക്കുലഭിച്ചു. നാടുകടത്തപ്പെട്ട് ക്ലേശങ്ങൾ അനുഭവിക്കുമ്പോഴും ക്രിസ്തുവിന്റെ സ്നേഹം രുചിച്ചറിഞ്ഞ് ജ്ഞാനം പ്രാപിക്കുവാനും സ്നേഹത്തിന്റെ അപ്പോസ്തോലൻ ആകുവാനും സഭയുടെ മഹത്വം പ്രാപിക്കുവാനും സാധിച്ചു. ക്രിസ്തുവിനെ ശരിയാവണ്ണം തിരിച്ചറിഞ്ഞ് ഹൃദയംകൊണ്ട് വിശുദ്ധ ചുംബനം നൽകിയ അപ്പോസ്തോലൻ!

“ക്രിസ്തുവിനുവേണ്ടി മരിക്കാനായി ബഥാന്യയിലേക്ക് നമുക്കുപോകാം” എന്ന് മറ്റുശിഷ്യന്മാരെ ആഹ്വാനം ചെയ്ത വി.തോമ്മാശ്ലീഹാ ക്രിസ്തുവിനോടൊപ്പം മരിച്ചില്ല. ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം കൈവരിച്ചും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ നേരിട്ട് കാണണം എന്ന ശാഠ്യം ഉണ്ടായപ്പോൾ വിശ്വാസത്തിന്റെ മേലങ്കി ഉയിർത്തെഴുന്നേറ്റ ക്രിസ്തുതന്നെ, തോമ്മാശ്ലീഹായെ ധരിപ്പിച്ചു. “എന്റെ കർത്താവും എന്റെ ദൈവവുമെ” എന്ന് ആവർത്തിച്ച് നിലവിളിച്ച് കൊണ്ട് കുരിശിനെ ചുംബിച്ച് ആ ധൈര്യം പകർന്ന ജീവിതം വിടവാങ്ങി. ഒരവസരത്തിലും ശിഷ്യന്മാരുടെ മുൻനിരയിലൊന്നും വി.മത്തായിശ്ലീഹായെ കാണുന്നില്ല. മനുഷ്യാവതാരം പ്രവചനങ്ങളുടെ ഫലമാണെന്നും, തലമുറകളുടെ വംശാവലിയിൽ ക്രിസ്തുവിനെ ഉൾപ്പെടുത്തി സകല മനുഷ്യർക്കും മഹത്വത്തിന്റെ ചിറക് നൽകി സ്വർഗ്ഗത്തിലേക്ക് പറന്നുയരുവാനുള്ള സാദ്ധ്യതയെ വി.മത്തായി ശ്ലീഹാ വ്യക്തമാക്കുന്നു.

ശിഷ്യഗണത്തിലെ പന്ത്രണ്ടുപേരിൽ ഉൾപ്പെടുന്നില്ലായെങ്കിലും പുതിയ നിയമത്തിലെ ഏറ്റവും ധീരമായ ശബ്ദവും, ആഴമേറിയ വചന ശുശ്രൂഷയും വി.പൗലോസിന്റേതാണ്. ഗമാലിയേലിന്റെ വിജ്ഞാനത്തിൽ നിന്നും ഉരിത്തിരിഞ്ഞ വചനങ്ങൾ കാഴ്ചവെയ്ക്കുന്നത് ക്രിസ്തീയ സഭയുടെ മാറ്റമില്ലാത്ത വേദശാസ്ത്ര സത്യങ്ങളാണ്. ക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ മറ്റ് പ്രശംസ എനിക്കില്ലായെന്ന് പ്രഖ്യാപിച്ച്, ജീവിതം മുഴുവൻ സഹനത്തിന്റെ കുരിശ് ചുംബിച്ച് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

ശ്ലീഹന്മാർക്ക് ദൈവാന്വേഷണം സമ്മാനിച്ചത് യാതനകളും പ്രതിസന്ധികളുമാണ്. അവർ അവയെ ചുംബിച്ചപ്പോളെല്ലാം ഹൃദയത്തിൽ തെളിഞ്ഞിരുന്നത് സഹയാത്രികനായ ക്രിസ്തുവിനെയാണ്. വ്യത്യസ്ഥങ്ങളായ സരണികളും, സാഹചര്യങ്ങളും ഓരോരുത്തർക്കും ലഭിച്ചു. ക്രിസ്തുവിനോട് ചേർന്ന് സഹനത്തിന്റെ സ്നാനം ഏറ്റിരുന്നവർക്കെല്ലാം ഏക ആത്മാവിൽ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ശക്തിയും അനുഭവവേദ്യമാക്കുവാൻ കഴിഞ്ഞു. സഹനത്തെ ചുംബിച്ച പരിശുദ്ധ ശ്ലീഹന്മാരുടെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിയ്ക്കട്ടെ.